# ജൂലൈ 3 - ഒരു ഓർമ്മപ്പെടുത്തലിന്റെ തീവ്രശബ്ദം

വിശ്വാസയാത്രയിൽ ഒരു ഓർമ്മപ്പെടുത്തലിന്റെ തീവ്രശബ്ദവുമായി ഒരു ദുക്റാനത്തിരുനാൾ ദിനം കൂടി- മൈലാപ്പൂരിലെ ചിന്നമലയിൽ തോമാശ്ലീഹാ രക്തസാക്ഷിയായതിന്റെ വിശുദ്ധസ്മരണകൾ ചിന്തയ്ക്കും, ആചരണത്തിനും ഒരിക്കൽ കൂടി വിഷയമാവുന്നു.

''നമുക്കും അവനോടുകൂടി പോയി മരിക്കാം'' ദൃഢമായ ഈ തീരുമാനത്തിന്റെ മാറ്റൊലികൾ പ്രകമ്പനം കൊണ്ടത് ഗലീലിയിൽ മാത്രമല്ല. അതിന്റെ അലയടികൾ പ്രേഷിതദൗത്യമായി എദ്ദേസ്സായിലും ഭാരത്തിലും എത്തിച്ചേർന്നു. ലോകത്തെമുഴുവൻ ദീപ്തമാക്കുന്ന വിശ്വാസത്തിന്റെ രജതരശ്മികൾ വിതറിക്കൊണ്ട്.

ദിദിമോസ് എന്നു വിളിക്കപ്പെടുന്ന തോമസ് ശിഷ്യപ്രമുഖനായിരുന്നില്ല. എന്നാൽ വിശ്വാസത്തിന്റെയും വിശ്വസ്തതയുടെയും ഉത്തമ മാതൃകയായിരുന്നു. ഗുരുവിന്റെ വചനങ്ങളോടുള്ള ഉറച്ച പ്രതിബദ്ധത കൈമുതലായുള്ള ഒരു ശിഷ്യനുമായിരുന്നു. ഇതിലെല്ലാമുപരി വലിയഭാഗ്യശാലിയായിരുന്നു.

ഉത്ഥിതനായവന്റെ തിരുമുറിപ്പാടിൽ കൈവിരൽ വച്ച് അവിടുത്തെ ജീവസ്പന്ദനം ഏറ്റുവാങ്ങുവാൻ ഭാഗ്യം സിദ്ധിച്ചവൻ....... ആ പുണ്യപിതാവ് ഭാരതത്തിന്റെ ഭാഗ്യമായിമാറി. ജനകോടികൾക്ക് വെളിച്ചം നല്കുന്ന ദീപമായി പ്രശോഭിക്കുകയും ചെയ്യുന്നു.

തോമാശ്ലീഹായുടെ വിശുദ്ധപൈതൃകം പേറുവാൻ, മാർതോമാക്രിസ്ത്യാനികളെന്നപേരിൽ അറിയപ്പെടാൻ ഭാഗ്യം ലഭിച്ച നമുക്ക് ഓരോ ജൂലൈ 3 ഉം ഒരു ഓർമ്മപ്പെടുത്തലാണ്. നമ്മുടെ വിശ്വാസത്തിന്റെ ഉറവിടത്തെപ്പറ്റിയും അത് ആവശ്യപ്പെടുന്ന ധീരമായ പ്രതികരണത്തെപ്പറ്റിയും ആഴമേറിയ ത്യാഗത്തെപ്പറ്റിയുമുള്ള ഓർമ്മപ്പെടുത്തൽ.

തോമാശ്ലീഹാ ഉത്ഥിതനെ കാണുന്നതിനു മുമ്പ് അവിശ്വസിച്ചു: കണ്ടപ്പോൾ തൊട്ടു; അറിഞ്ഞു; വിശ്വസിച്ചു. ആ വിശ്വാസം ജീവിതത്തിന്റെ തുടർന്നുള്ള പ്രയാണത്തിന്റെ ദിശ നിർണ്ണയിച്ചു. സഹനങ്ങളിലും പ്രതിസന്ധികളിലും തളരാതെ മുന്നേറുവാൻ കരുത്തായി നിലകൊണ്ടു.

കടലുകൾ കടന്ന് കാടും മേടും, തോടും പുഴയും, മരുഭൂമിയും വനാന്തരങ്ങളും താണ്ടി, സംസ്കാരങ്ങൾ പിന്നിട്ട്, ലോകത്തിന്റെ അതിർത്തികൾ വരെ സുവിശേഷം പ്രഘോഷിക്കപ്പെടണം എന്ന തീവ്രമായ ആഗ്രഹത്തോടെ തോമാശ്ലീഹാ യാത്രയായി; വിദൂരത്തിലായിരുന്ന ഈ ഭാരതഭൂമിയുടെ അതിരുകളോളം.

''എന്റെ കർത്താവേ എന്റെ ദൈവമേ'' എന്ന പ്രഘോഷണം ഈ ഭാരതഭൂമിയിലെ പ്രേഷിതയാത്രയിൽ വഴി നടത്തിയ ബോദ്ധ്യമായി മാറി. ഉത്ഥിതനിലുള്ള ഉറച്ചവിശ്വാസം പകർന്ന ശക്തിയൊന്നുമാത്രമാണ് അപരിചിതമായ നാട്ടിൽ തോമായെ പരിചിതനാക്കിയത്. അന്ധകാരത്തിൽ കഴിഞ്ഞവർക്ക് പ്രകാശം നല്കുവാൻ തോമായെ പ്രാപ്തനാക്കിയതും, പീഢനങ്ങളുടെ മുന്നിൽ നാഥനുവേണ്ടി നിലകൊള്ളാൻ ശക്തി നല്കിയതും ഈ വിശ്വാസമാണ്.

സംശയിച്ച തോമായുടെ, കണ്ടാലല്ലാതെ വിശ്വസിക്കില്ലായെന്ന് ശാഠ്യം പിടിച്ചവന്റെ വിശ്വാസം ഉറച്ചപാറമേൽ അടിസ്ഥാനമിട്ട ഭവനം പോലെയായി മാറി. കുരിശിൽ രക്തം ചിന്തിയ ഗുരുവിനായി ഭാരതമണ്ണിൽ രക്തം ചിന്തി അനേകർക്ക് വെളിച്ചമായിത്തിരുകയും ചെയ്തു.

തോമാശ്ലിഹാ നമുക്ക് വ്യക്തിപരമായി ആരാണ്?

ദുക്റാന തിരുനാൾ നമുക്കെന്താണ്?

അഭിമാനത്തോടെ ഓർമിക്കുവാനുള്ള ഒരു നാമം.

ഞങ്ങളും പരമ്പരാഗത ക്രിസ്ത്യാനികളാണ്/അപ്പസ്തോലിക സഭയാണ് എന്ന് മറ്റു സഭകളുടെ മുന്നിൽ അഭിമാനത്തോടെ പ്രഖ്യാപിക്കാനുള്ള ഒരു നിമിത്തം.

കടമുള്ള ഒരു തിരുനാളിന്റെ കാരണഭൂതൻ.

മലയാറ്റൂർ, പാലയൂർ തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളിൽ അഭയമായി നിലകൊള്ളുന്ന വിശുദ്ധൻ.

ഇതെല്ലാം തോമാശ്ലീഹായിലൂടെ ലഭിച്ച നന്മകൾ!

ഇതിലുപരി തോമാശ്ലീഹാ നമ്മുടെ പിതാവാണ്. ആ പിതാവിന്റെ രക്തസാക്ഷിത്വം അനുസ്മരിക്കുമ്പോൾ അവിടുത്തെ തൃപ്പാദങ്ങളിൽ ഒരു പിടി ചുവന്ന റോസാപ്പൂക്കൾ അർപ്പിക്കാൻ നാമേവരും ബാദ്ധ്യസ്ഥരാണ്.

വിശ്വാസത്തിന്റെ ചുവന്നപൂക്കൾ! വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കുന്നതിനും വിശ്വാസിയായി ജീവിക്കുന്നതിനും സഹിക്കുന്ന ത്യാഗങ്ങളുടെ രക്തപുഷ്പങ്ങൾ.

വിശ്വാസം വെല്ലുവിളികളെ നേരിടുമ്പോൾ ക്രിസ്തുവിനോടുള്ള പ്രതിബദ്ധത ത്യാഗങ്ങൾ ആവശ്യപ്പെടുമ്പോൾ ഉറച്ചസ്വരത്തിൽ പറയുവാൻ കഴിയുമോ ''എന്റെ കർത്താവേ എന്റെ ദൈവമേ''.

ഈ വിശ്വാസം ഏറ്റു പറഞ്ഞവരുടെയും പറഞ്ഞതിന് ജീവിതം കൊണ്ട് സാക്ഷ്യം നല്കിയവരുടെയും ഒരു വലിയ നിര നമ്മുടെ മുന്നിലുണ്ട്. വിശ്വാസദീപം അണയാതെ കാത്തുസൂക്ഷിച്ച നമ്മുടെ പൂർവ്വികർ. കൂനൻകുരിശും, വിദേശമേൽകോയ്മയും, വൈരുദ്ധ്യത്തിന്റെ വിഭാഗീയതയുമെല്ലാമുണ്ടായിരുന്നിട്ടും വിശ്വാസത്തെ വിലമതിച്ചവരുടെ, ബോദ്ധ്യങ്ങൾക്കായി നിലകൊണ്ടവരുടെ വലിയനിര.

നാഥനായി സമർപ്പിച്ചു എന്ന ബോദ്ധ്യത്താൽ നാടും വീടും വിട്ട് വിദൂരതയിൽ സുവിശേഷം എത്തിക്കുവാൻ അശരണർക്ക് താങ്ങാകുവാൻ, അന്ധർക്ക് വെളിച്ചമാകുവാൻ, രോഗികൾക്ക് സൗഖ്യമാകുവാൻ പീഡിതർക്ക് ആശ്വാസമാകുവാൻ ഇറങ്ങിപ്പുറപ്പെട്ട ധീരരായ അനേകം മക്കൾ തോമാശ്ലീഹായ്ക്കുണ്ട്. അവരെയൊക്കെ ആദരിക്കേണ്ട ദിനം കൂടിയാണീ ദുക്റാന.

വിശ്വാസം പ്രതിസന്ധികൾ നേരിടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഭൗതീകതയുടെ കുത്തൊഴുക്കും ആത്മീയതയുടെ വരൾച്ചയും താത്വികവും പ്രായോഗികവുമായ നിരീശ്വരത്വവും വിശ്വാസത്തെ തളർത്തുമ്പോൾ എന്റെ നിലപാടെന്ത്?

ജീർണ്ണമായ വിശ്വാസത്തിന്റെ ലക്ഷണങ്ങൾ നമ്മുടെ സഭാഗാത്രത്തിലും ഉടലെടുക്കുന്നുണ്ട്. തൊട്ട് വിശ്വസിച്ച തോമാശ്ലീഹായുടെ മക്കൾ അബദ്ധസിദ്ധാന്തങ്ങളിൽ ആവേശപൂർവ്വം ആകൃഷ്ടരായി കത്തോലിക്കാവിശ്വാസത്തെ തിരസ്കരിക്കുന്ന വൈരുദ്ധ്യം വളരുകയാണ്. ബൈബിൾ തുറക്കുന്നവരെല്ലാം വ്യാഖ്യാതാക്കളും, വചനം പ്രസംഗിക്കുന്നവരെല്ലാം സിദ്ധന്മാരുമായി മാറിയാൽ അത് വിശ്വാസതളർച്ചയല്ലേ സൂചിപ്പിക്കുന്നത്.

വിശ്വാസത്തിനായി, സഭയ്ക്കായി ഞാനെന്തു നല്കി എന്ന് ചോദിക്കുന്നതിനു പകരം സഭയിലംഗമായതുകൊണ്ട് എനിക്കെന്ത് ലാഭം എന്ന ചോദ്യത്തിലേക്ക് കടക്കുമ്പോൾ തോമാശ്ലീഹാ നമുക്കൊരു ചോദ്യചിഹ്നമാണ്.

അവനോടൊപ്പം മരിക്കുവാൻ തയ്യാറാവുന്നവനേ ജീവനർഹതയുള്ളൂ. നന്മയ്ക്കായി നിലകൊള്ളുന്നവൻ, വിശ്വാസത്തിനായി നിലപാടെടുക്കുന്നവൻ, സത്യത്തെ മുറുകെ പിടിക്കുന്നവൻ, നീതിക്കായി സഹിക്കുന്നവൻ-അവൻ രക്തസാക്ഷിയാണ്. ഈ രക്തസാക്ഷിത്വത്തിന് ഏറെ പ്രസക്തിയുണ്ട്-ജീവിതത്തിന്റെ എല്ലാ തലങ്ങളിലും.

ഓരോവർഷവും ദുക്റാന ആചരിക്കുമ്പോൾ വിശുദ്ധന്റെ തൃപ്പാദങ്ങളിൽ സമർപ്പിക്കുവാൻ പച്ചയായ ജീവിതം സ്പന്ദിക്കുന്ന ത്യാഗങ്ങളുടെ കുറെ രക്തപുഷ്പങ്ങൾ നമുക്കുണ്ടാവട്ടെ: എങ്ങനെയുണ്ടാവും?

ഒരു ചോദ്യം-Are we really proud of our Father in Faith ?

**ഫാ. ജോൺ നെല്ലിക്കുന്നേൽ**